# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം** **14.03.2018-ൽ മറുപടിക്ക്**

**നമ്പർ.3160**

**<u>പി.എസ്.സി. നടത്തിയ എച്ച്.എസ്.എസ്.ടി ജൂനിയർ (മാത്തമാറ്റിക്സ്) പരീക്ഷ</u>**

**ചോദ്യം** **ഉത്തരം**

**ശ്രീ.എം. വിൻസെന്റ്** **പിണറായി വിജയൻ**

**മുഖ്യമന്ത്രി**

| | | | |
|---|---|---|---|
| (എ) | ഹയർ സെക്കന്ററി സ്കൂൾ ടീച്ചേർസ് ജൂനിയർ(മാത്തമാറ്റിക്സ്) തസ്തികയിലേക്ക് 27.1.2018-ൽ പി.എസ്.സി. നടത്തിയ പരീക്ഷയെ സംബന്ധിച്ച് വ്യാപകമായ പരാതി ഉണ്ടായിട്ടുള്ളത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) യും (ബി) യും | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. പ്രസ്തുത പരീക്ഷ സംബന്ധിച്ച പരാതികൾ കമ്മീഷൻ പരിശോധിച്ച് വരികയാണ്. പരിശോധന പൂർത്തിയായ ശേഷം ഇക്കാര്യം സംബന്ധിച്ച് കമ്മീഷൻ കൈക്കൊള്ളുന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | ജി.കെ. പബ്ലിക്കേഷൻസിന്റെ ഗേറ്റ് പേപ്പർ 2012 എഡിഷന്റെ ആദ്യത്തെ ഇരുപത്താറ് പേജിൽ നിന്നും 19 ചോദ്യങ്ങൾ യാതൊരു മാറ്റവും ഇല്ലാതെ പി.എസ്.സി. നടത്തിയ പരീക്ഷയിൽ പകർത്തി എന്ന ആരോപണം വസ്തുതയാണോ; എങ്കിൽ പ്രസ്തുത പരീക്ഷ റദ്ദാക്കി പുനഃപ്പരീക്ഷ നടത്തണമെന്ന ഉദ്യോഗാർത്ഥികളുടെ ആവശ്യം പരിഗണിക്കുമോ; വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ